ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) പ്രസക്തമല്ല.

വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

91 (3492)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആകെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എൽ.ടി., എച്ച്.ടി, ഗാർഹിക ഉപഭോക്താക്കൾ എന്നിവർ എത്രവീതമാണ്;

(സി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഒരു വർഷം ബോർഡിനു ലഭിക്കുന്ന വരുമാനം എത്ര രൂപയാണ്;

(ഡി) ചെറുകിട, വൻകിട ഉപഭോക്താക്കളിൽ നിന്നും ഒരു വർഷം എത്ര രൂപ വരുമാനം ലഭിക്കുന്നു;

(ഇ) ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിദ്യുച്ഛക്തി ചാർജ്ജ് ഇനത്തിൽ വിദ്യുച്ഛക്തി ബോർഡിന് എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ജി) ഇത് പിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 58,91,000.

(ബി) എൽ.ടി - 54,79,762

എച്ച്.ടി. - 3,108

ഗാർഹികം - 45,31,355

(സി) 346.91 കോടി രൂപ.

(ഡി) 1137.93 കോടി രൂപ.

(ഇ) ചെറുകിട ഉപഭോക്താക്കളിൽ നിന്നും 657.85 കോടി രൂപയും, വൻകിട ഉപഭോക്താക്കളിൽ നിന്നും 480.08 കോടി രൂപയും ഒരു വർഷം വരുമാനം ലഭിക്കുന്നുണ്ട്.

(എഫ്) 313.98 കോടി രൂപ.

(ജി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃതം വൈദ്യുതി ബന്ധം വിഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഉപഭോക്താക്കളുടെ അപേക്ഷ പ്രകാരം കുടിശ്ശികത്തുക തവണ വ്യവസ്ഥകളായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക എന്നിങ്ങനെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly